ഖുത്വ്ബ നമ്പർ
10
09-03-2012

بسم الله الرحمن الرحيم ○ نحمده ونصلي على رسوله الكريم ○ وعلى عبده المسيح الموعود

**ജുമുഅ ഖുത്വ്ബ**

**ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്**

**ഖലീഫത്തുൽ മസീഹ് അൽഖാമിസ്** ایدہ اللہ تعالیٰ بنصرہ العزیز

**വിവർത്തനം: എം. നാസിർ അഹ്മദ് കൊടിയത്തൂർ**



# വാഗ്ദത്ത മസീഹ് عليه السلام ന്റെ സഹാബാക്കളുടെ തബ്ലീഗ്

ദാസരെ സൃഷ്ടാവിന്റെ അടുത്തെത്തിക്കുന്നതിനും ദാസരെ അല്ലാഹുവിനെ ആരാധാക്കുന്നവരും അവരെ അല്ലാഹുപറഞ്ഞ മാർഗ്ഗത്തിലൂടെ നടത്തുന്നതിനും വേണ്ടിയാണ് പ്രവാചകന്മാർ ആഗതരാകുന്നത്. ഈ പ്രവാചകന്മാരിൽ സമ്പൂർണ്ണവും പരിപൂർണ്ണവുമായ അധ്യാപനവുമായി വന്നിട്ടുള്ളത് നമ്മുടെ നേതാവായ ഹ.മുഹമ്മദ് മുസ്തഫാ ﷺ ആണ്. തിരുനബി ﷺ തന്നിൽ അവതരിക്കപ്പെട്ട അദ്ധ്യാപനങ്ങൾ ലോകത്ത് എത്തിക്കുന്ന കടമ അതർഹിക്കുന്നവിധം നിറവേറ്റുകയുണ്ടായി. ആ സന്ദേശം ലോകത്ത് എത്തിക്കുന്നതിൽ തിരുനബി ﷺ ചെയ്തതുപോലുള്ള പരിശ്രമത്തിന് മറ്റൊരുദാഹരണം എടുത്തു കാണിക്കാൻ കഴിയില്ല. തിരുനബി ﷺ അറേബ്യയിലെ ബന്ധുക്കൾക്കും അടിമകൾക്കും, അതേപോലെ യാതൊരുവിധ ഭയവുമില്ലാതെ മക്കയിലെ നേതാക്കൾക്കും സന്ദേശം എത്തിക്കുകയുണ്ടായി. വലിയ രാജാക്കന്മാർക്കുപോലും ഈ സന്ദേശം എത്തിച്ചുകൊണ്ട് അല്ലാഹുവിനെ ആരാധിക്കുന്നതിന്റെ തേട്ടം പൂർത്തിയാക്കുന്നതിലേക്ക് അവരുടെ ശ്രദ്ധക്ഷണിക്കുകയുണ്ടായി. ഈ മഹത്തരമായ പ്രവർത്തനത്തെ അദ്ദേഹത്തിന്റെ സഹാബത്ത് ലോകത്ത് എത്തിക്കുകയും ചെയ്തു. 1400 വർഷത്തിനു ശേഷം അല്ലാഹുവിന്റെ വാഗ്ദാനപ്രകാരം തിരുനബി ﷺ യുടെ യഥാർഥ ശിഷ്യനായ മസീഹ് മൗഊദ് عليه السلام നെ അല്ലാഹു നിയോഗിച്ചു. അദ്ദേഹം ഈ പ്രവർത്തനത്തെ പുനരുജ്ജീവിപ്പിച്ചു. അദ്ദേഹം ലോകത്തെ ദൈവത്തിലേക്ക് ക്ഷണിക്കുകയുണ്ടായി. അല്ലാഹുവിന്റെ മാർഗം എങ്ങനെ അന്വേഷിക്കേണമെന്ന് ലോകർക്ക് പറഞ്ഞുകൊടുത്തു. എങ്ങനെ അവനിലേക്ക് എത്താൻ സാധിക്കുമെന്നും പറഞ്ഞുകൊടുത്തു. അല്ലാഹുവിനെ അന്വേഷിക്കുന്നുവെങ്കിൽ അവനിലേക്ക് എത്തണമെന്ന ആഗ്രഹമുണ്ടെങ്കിൽ ഇസ്ലാം മതം ഒന്ന് മാത്രമാണ് അല്ലാഹുവിലേക്ക് എത്തിക്കുന്ന മാർഗം. അന്യമതസ്ഥർക്കും ഈ ഒരു ക്ഷണമാണ് അദ്ദേഹം നൽകിയത്. ഒരു പദ്യ ശകലത്തിൽ പറയുന്നു.

ജനങ്ങളെ വരൂ, ഇവിടെ നിങ്ങൾക്ക് ദൈവപ്രകാശം ദർശിക്കാൻ സാധുക്കുന്നതാണ്. മറ്റൊരു സ്ഥലത്ത് പറയുന്നു, ലോകത്തുള്ള മതങ്ങളെക്കുറിച്ച് കൂലങ്കശമായ പഠനം നടത്തുമ്പോൾ ഇസ്ലാമല്ലാത്ത മറ്റെല്ലാ മതങ്ങളും തന്നെ തന്നിൽ ഏതെങ്കിലും ഒരു ന്യൂനത ഉൾകൊള്ളുന്നുണ്ട് എന്ന് മനസ്സിലാകുന്നതാണ്. എല്ലാ മതങ്ങളും തന്നെ തുടക്കം മുതൽ കളവായതുകൊണ്ടല്ല ഇത് സംഭവിച്ചത്. തോട്ടക്കാരനില്ലാത്ത തോട്ടം പോലെ അത് ആയിത്തീർന്നു. ഇതിന് ശേചനം നടത്താനും പരിപാലിക്കാനും ആരും ഇല്ലാതായിത്തീർന്നു. അങ്ങനെ അവരിൽ പതുക്കെപ്പതുക്കെ തെറ്റുകൾ കടന്നു കൂടി. ഫലങ്ങൾ നൽകുന്ന വൃക്ഷങ്ങളെല്ലാം ഉണങ്ങിപ്പോയി. അതിന്റെ സ്ഥലത്ത് മുള്ളുകളും കാട്ടുവള്ളികളും പടർന്നുപിടിച്ചു. മതത്തിന്റെ വേരായ ആത്മീയത പൂർണമായും ഇല്ലാതായിത്തീർന്നു. വരണ്ട വചനങ്ങൾ മാത്രമവശേഷിച്ചു.

മറ്റൊരു സ്ഥലത്ത് പറയുന്നു. ഇസ്ലാം അവസാന ശരീഅത്തായതുകോണ്ട് അല്ലാഹു ഇസ്ലാമിനോട് അങ്ങനെ പെരുമാറുകയില്ല. ഇതിന്റെ അധ്യാപനങ്ങളെ ഉണങ്ങാൻ അനുവദിച്ചില്ല. വിവിധ സന്ദർഭങ്ങളിൽ വിവിധ സ്ഥലങ്ങളിൽ ഓരോ നൂറ്റാണ്ടിലും ഈ തോട്ടത്തെ പച്ചളിപ്പുള്ളതാക്കിത്തിർക്കുന്നതിനായി അല്ലാഹു ഇതിന്റെ മേൽ നോട്ടക്കാരെ അയച്ചുകോണ്ടിരുന്നു. ഇക്കാലത്ത് അല്ലാഹു എന്നെ അയക്കുകയുണ്ടായി. അവസാന ആയിരം വർഷത്തെ മുജദ്ദിദ് ഞാനാകുന്നു.

ചുരുക്കത്തിൽ ഇസ്ലാമാകുന്ന മനോഹരമായ തോട്ടത്തിന്റെ മനോഹരമായ അംശമായിത്തിരുന്നതിനും ഫലം നൽകുന്ന വൃക്ഷമായിത്തീരുന്നതിനും വേണ്ടി തിരുനബി ﷺ ന്റെ ഈ പ്രിയ ശിഷ്യനുമായി ബന്ധപ്പെടേണ്ടത് ഓരോ മുസ്ലിമിനും നിർബന്ധമാണ്. കാരണം അല്ലാഹുവുമായി ജീവനുള്ള ബന്ധം ഇതുമുഖേന മാത്രമേ സാധിക്കുകയുള്ളൂ. ഇസ്ലാമിന്റെ മനോഹര സന്ദേശത്തെ ആ മഹാത്മാവ് ഇന്ത്യയിൽ മാത്രമല്ല എത്തിച്ചത്, മറ്റുനാടുകളിലും എത്തിക്കുകയും തന്റെ ബൈഅത്തിൽ വന്ന് ശിഷ്യത്വം സ്വീകരിച്ച സഹാബാക്കളിൽ ഈ ആത്മാവ് ഇടുകയുമുണ്ടായി. അല്ലാഹുവിലേക്ക് വരിക എന്നും അവനുമായി ബന്ധം സ്ഥാപിക്കുക എന്നുമുള്ള സന്ദേശം ലോകർക്ക് നൽകുക എന്ന് പറയുകയുണ്ടായി. തിരുനബി ﷺ ന്റെ യഥാർഥ ശിഷ്യനുമായി ബന്ധം സുദൃഢമാക്കിയാൽ മാത്രമേ അല്ലാഹുവുനായി ശരിയായ നിലയിൽ ബന്ധം സ്ഥാപിക്കാൻ സാധിക്കുകയുള്ളൂ. ഹ.മസീഹ് മൗഊദ് عليه السلام ന്റെ ബൈഅത്തിൽ വരുന്നവരിൽ കൂലിവേല ചെയ്ത് ജീവിക്കുന്നവരും കൃഷിക്കാരും ഭൂഉടമകളും അക്ഷരജ്ഞാനമില്ലാത്ത ഗ്രാമീണരും ഉദ്യോഗസ്ഥരും ബിസിനസ്സുകാരും വിദ്യാസമ്പന്നരും എല്ലാം ഉണ്ടായിരുന്നു. ഓരോരുത്തരും തങ്ങളുടെ കഴിവനുസരിച്ച് ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ന്റെ സന്ദേശത്തെ മനസ്സിലാക്കുകയും അദ്ദേഹത്തിന്റെ സാമിപ്യത്തിൽ നിന്ന് ഫലമെടുക്കുകയും ഈ യഥാർഥ ഇസ്ലാമിന്റെ സന്ദേശത്തെ അവരവരുടെ വൃത്തത്തിൽ എത്തിക്കുന്നതിനായി ശ്രമിക്കുകയും ചെയ്തു. മറ്റു മതങ്ങളുടെമേലുള്ള ഇസ്ലാമിന്റെ മേൽക്കോഴ്മ ശരിക്കും മനസ്സിലാക്കുകയും അങ്ങനെ അല്ലാഹുവിലേക്ക് ജനങ്ങളെ ക്ഷണിക്കുന്നവരിൽ ഉൾപ്പെടുകയും ചെയ്തു. ഇവർ വളരെ വേഗത്തിൽ ഇസ്ലാമിന്റെ യഥാർഥ സന്ദേശത്തെ ഇന്ത്യയിൽ മാത്രമല്ല പുറത്തും എത്തിക്കാൻ പരിശ്രമിച്ചുകൊണ്ടിരുന്നു. ഇവരുടെ തബ്ലീഗുമായി ബന്ധപ്പെട്ട ചില സംഭവങ്ങൾ ഞാനിപ്പോൾ വിവരിക്കുന്നതാണ്.

ഹദ്റത്ത് ഇമാമുദ്ദീൻ സാഹിബ് رضي الله عنه വിവരിക്കുന്നു. ഒരിക്കൽ മൗലവി ഫത്തഹുദ്ദീൻ സാഹിബ് എന്റെ പേരിൽ ഒരു കത്തയക്കുകയുണ്ടായി. ധരംകോട്ടിൽ മൗലവി അബ്ദുസ്സുബ്ഹാൻ ചർച്ചക്ക് വേണ്ടി വന്നിട്ടുണ്ട്. ഖാദിയാനിൽ നിന്നും

ഒരു മൗലവിയെയും കൂട്ടി ഉടനെ എത്തുക. ഞങ്ങൾ മൗലവി അബ്ദുല്ലാഹ് സാഹിബ് കശ്മീരിയേയും കൂട്ടി ധരംകോട്ടിൽ എത്തി. അവിടെ കുറെ ആളുകൾ ഒരുമിച്ചുകൂടിയിരുന്നു. മൗലവി സാഹിബ് കുറേ ആളുകളെ കണ്ട് ഭാഗുവാലയിലെ സർദാർ ബാസിംഗ് സിംഗിന്റെ അടുത്ത് ചെന്നു. ഞങ്ങളുടെ ജമാഅത്തംഗങ്ങൾ എല്ലാം തബ്ലീഗിനോടുള്ള താൽപര്യമായിരുന്നതുകൊണ്ട് ഭാഗുവാലയിലേക്ക് പോയി. സർദാർ ബാസിംഗ് സിംഗിന്റെ അധ്യക്ഷതയിൽ സംവാദം നടത്താമെന്ന തീരുമാനത്തിലെത്തി. ഈസാ നബിയുടെ ജീവിതമരണപ്രശ്നത്തിലാണ് ചർച്ച നടത്താൻ തീരുമാനമായത്. എന്നാൽ എതിർപക്ഷത്തെ മൗലവി ഒരു കാര്യത്തിൽ വാശിപിടിച്ചു. അദ്ദേഹം പറഞ്ഞു. മിർസാ സാഹിബിന്റെ പേര് വിശുദ്ധ ഖുർആനിൽ കാണിച്ചുതന്നാൽ ഞാൻ സംവാദത്തിന് തയ്യാറാകുന്നതാണ്. അദ്ദേഹം പറഞ്ഞത് മിർസാഗുലാം മുർത്തസയുടെ മകൻ മിർസാഗുലാം അഹ്മദ് എന്ന് കാണിച്ചു തരണം എന്നാൽ മാത്രമേ ഞാൻ അംഗീകരിക്കുകയുള്ളു, അതല്ലെങ്കിൽ സംവാദം നടക്കുന്നതല്ല. മൗലവി അബ്ദുല്ലാഹ് സാഹിബ് പറഞ്ഞു. വിശുദ്ധ ഖുർആനിൽ നിന്ന് കാണിക്കാം. അങ്ങനെ ചർച്ച തുടങ്ങി. എതിർ കക്ഷി മൗലവി കാണിച്ചുതരാൻ പറഞ്ഞപ്പോൾ മൗലവി അബ്ദുല്ലാഹ് സാഹിബ് പറഞ്ഞു. മുമ്പുള്ള പ്രവാചകന്മാരെക്കുറിച്ചുള്ള പ്രവചനത്തിൽ അവരുടെ പേര് പിതാവിന്റെ പേരോടൊപ്പം എഴുതിയത് കാണിച്ചുതന്നാൽ അതേരീതിയിൽ തന്നെ ഞങ്ങളും കാണിച്ചുതരുന്നതാണ്. മുമ്പുള്ളവർക്ക് ഈ മാർഗം സ്വീകരിക്കപ്പെട്ടിട്ടില്ലെങ്കിൽ പിന്നെ ഈ ചോദ്യം ഞങ്ങളോട് എന്തിനാണ് ചോദിക്കുന്നത്. ഈ മറുപടിയിൽ എതിർ കക്ഷിക്ക് വ്യക്തമായ മറുപടി ഇല്ലായിരുന്നു. അങ്ങനെ നാണിച്ച് അവിടെ ഇരുന്നു. സദ്റാർ ബാസിങ്ങ് സിംഗ് പറഞ്ഞു. ഈ മൗലവി ഒന്നും അറിയാത്തവനാണ്. എന്നിട്ട് പഞ്ചാബിയിൽ ചിലതെല്ലാം പറഞ്ഞു. അവസാനം അല്ലാഹു നമുക്ക് വിജയം നൽകി. ഈ സംവാദത്തിനുശേഷം ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ന്റെ അടുത്ത് ചെന്ന് കാര്യങ്ങൾ പറഞ്ഞപ്പോൾ പറഞ്ഞു. എന്റെ പേര് വിശുദ്ധ ഖുർആനിൽ ഇസ്മ്ഹൂ അഹ്മദ് എന്ന് പറഞ്ഞുകൊണ്ട് അല്ലാഹു പറഞ്ഞിട്ടുണ്ട് എന്ന് മൗലവി സാഹിബ് എന്ത്കൊണ്ട് പറഞ്ഞില്ല.

ഹദ്റത്ത് പീർ ഇഫ്ത്തിഖാർ അഹ്മദ് സാഹിബ് തന്റെ പിതാവ് പീർ അഹ്മദ് സാഹിബിൽ നിന്നും വിവരിക്കുന്നു. എന്റെ പിതാവ് ഹദ്റത്ത് മസീഹ് മൗഊദ് ന്റെ വാദം സ്വീകരിച്ചു. ഇത് ബൈഅത്തിന്റെ മുമ്പുള്ള സംഭവമാണ്. ഹ.മസീഹ് മൗഊദ് عليه السلام മുജദ്ദിദാണെന്ന് അദ്ദേഹം അംഗീകരിച്ചു. തുടർന്ന് അദ്ദേഹം തന്റെ സുഹൃത്തുക്കളോടും പരിചയമുള്ളവരോടും ഈ കാര്യം വളരെ ആവേശത്തോടെ പറയാൻ തുടങ്ങി. ഒരു ദീർഘ നോട്ടീസും പ്രസിദ്ധീകരിച്ചു. അത് ഇപ്പോൾ അൽഫസലിൽ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്. എഴുതുന്നു. എന്റെ പിതാവ് തബ്ലീഗ് പ്രവർത്തനം കൂടാതെ സ്വയവും തന്റെ ശിഷ്യർമുഖേനയും സാമ്പത്തിക ത്യാഗത്തിലും പങ്കെടുത്തിരുന്നു. അദ്ദേഹത്തിന്റെ ജീവിതത്തിന്റെ അവസാന നിമിഷങ്ങൾ ഈ സേവനത്തിലാണ് മുഴുകിയിരുന്നത്. കഴിയുന്നത്ര പ്രചാരണം ചെയ്തിരുന്നു. അതേപോലെ കഴിയുന്നത്ര ചന്ദയും നൽകിയിരുന്നു. ഹ.മസീഹ് മൗഊദ് عليه السلام ന്റെ ആഗമനത്തിന്റെ ഉദ്ദേശ്യവും ഇതുതന്നെ. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഗ്രന്ഥങ്ങൾ കൂടാതെ എം.ടി.എ മുഖേനയും ദീനിന്റെ പ്രചാരണം നടത്തിക്കൊണ്ടിരിക്കുന്നു. ആദ്യം ഒരു സാറ്റലൈറ്റായിരുന്നു എം.ടി.എ ക്ക് ഉപയോഗിച്ചിരുന്നത്. അതും കുറച്ച് മണിക്കൂറുകൾക്ക് വേണ്ടി മാത്രം ഇന്ന് അല്ലാഹുവിന്റെ അനുഗ്രഹത്താൽ പത്ത് സാറ്റലൈറ്റ് മുഖേന എം.ടി. എയുടെ പ്രോഗ്രാമുകൾ ലോകം മുഴുവനും സംപ്രേഷണം ചെയ്യപ്പെടുന്നു. ഇപ്പോൾ ഇന്ത്യയിൽ വലിയ ഡിഷുകളാണുള്ളത്. അവിടെയും ചെറിയ ഡിഷിൽ, ഒന്നര രണ്ടടിയുള്ള ഡിഷിൽ ഇൻശാഹ് അല്ലാഹ് തആല എം.ടി.എ. കേൾക്കാൻ സാധിക്കുന്ന സംവിധാനത്തിന് ശ്രമിച്ചുകൊണ്ടിരിക്കുകയാണ്, ഇതിനുപറ്റിയ സാറ്റലൈറ്റ് അന്വേഷിക്കുകയാണ്.

ഞാൻ തിരിച്ച് രിവായത്തിലേക്ക് വരികയാണ്. ഹദ്റത്ത് മാസ്റ്റർ നസീർ ഹുസൈൻ സാഹിബ് രിവായത്ത് ചെയ്യുന്നു. ഹക്കീം മുഹമ്മദ് ഹുസൈൻ സാഹിബ് മർഹമെ ഈസയുടെ മകനാണ്. എനിക്ക് ചെറുപ്പത്തിൽ തന്നെ തബ്ലീഗിന് നല്ല ആവേശമായിരുന്നു. ഡിസംബർ 1903 വരെ എന്റെ പിതാവ് ഭാട്ടി ദർവാസ ലാഹോർ മുഹല്ല പട്ടങ്കയിലാണ് താമസിച്ചിരുന്നത്. ഈ കാലത്ത് അബൂസഈദ് അറബ് എന്ന അഹ്മദി എന്റെ പിതാവിന്റെ അടുത്ത് വന്നു. അദ്ദേഹം തന്റെ മതാവേഷവും തബ്ലീഗ് ചെയ്യാനുള്ള താൽപര്യവും കണ്ടിട്ട് ഈസാ നബിയുടെ മരണത്തെക്കുറിച്ചും വാഗ്ദത്ത മസീഹിന്റെ ആഗമനത്തെക്കുറിച്ചും എളുപ്പമുള്ള ചില തെളിവുകൾ എനിക്ക് പഠിപ്പിച്ചുതന്നു. ഞാൻ ഈ തെളിവുകൾ മസ്ജിദുകളിലെ ഇമാമുകളുടെ മുമ്പാകെ സമർപ്പിക്കാറുണ്ട്. ഇതിന് മറുപടി പറയാൻ ഞാൻ അവരോട് പറയും. ഒരിക്കൽ ആ ദിവസങ്ങളിൽ ഭാട്ടി ദർവാസയിലെ ഇമാം മസ്ജിദിന്റെ അടുത്ത് ഞാൻ പോയി. അദ്ദേഹത്തിന്റെ മുമ്പിലും ഈ തെളിവുകൾ സമർപ്പിച്ചു. അദ്ദേഹം പറഞ്ഞു. ഞാൻ ഈ കാര്യങ്ങൾ അംഗീകരിക്കണമെങ്കിൽ ഒരു കാര്യമുണ്ട്. നല്ല പൊടിക്കാറ്റ് വീശുന്ന സമയത്ത് മിർസാ സാഹിബിന്റെ അടുത്തേക്ക് നീ പോകുക. ആ പൊടിക്കാറ്റിലൂടെ നടന്ന് അദ്ദേഹം വീട്ടിലേക്ക് പോകുമ്പോൾ അദ്ദേഹത്തിന്റെ മുഖത്ത് മറ്റുള്ളവരുടേതുപോലുള്ള പൊടിപടലങ്ങൾ പറ്റിപ്പിടിച്ചിട്ടുണ്ടോ എന്നെനിക്ക് പറഞ്ഞുതരിക. ഈ അവസ്ഥ നീ കണ്ട് എന്നോട് വന്ന് പറഞ്ഞാൽ ഞാൻ ഇതിനുമറുപടി പറയുന്നതാണ്. വിശ്വസിക്കും എന്ന് പറഞ്ഞില്ല. മറുപടി നൽകും എന്നാണ് പറഞ്ഞത് ഇതിന്റെ നിചസ്ഥിതി എന്താണെന്ന് ഞാൻ പറഞ്ഞു തരാം. അദ്ദേഹം പറയുന്നു. എനിക്ക് ഇതിനുമുമ്പ് ഹ.മസീഹ് മൗഊദ് عليه السلام ന്റെ കൂടെ നടക്കാൻ ഖാദിയാനിൽ പല തവണ അവസരം ലഭിച്ചിട്ടുണ്ടായിരുന്നു. അതുകൊണ്ട് പിതാവിന്റെ കൂടെ ഞാൻ വേഗം ഖാദിയാനിൽ വന്നു. രാവിലെ ഹുസൂറിന്റെ കൂടെ നടക്കാൻ പോയി. ഹുസൂർ നടക്കുമ്പോൾ വളരെ വേഗത്തിലാണ് നടക്കാറുള്ളത്. ഹുസൂറിന്റെ ഒപ്പം എത്തുന്നതിന്നായി എനിക്ക് ചിലപ്പോൾ ഓടേണ്ടി വരുമായിരുന്നു. യാദൃശ്ചികമെന്ന് പറയട്ടെ അന്ന് കാറ്റ് വീശുന്നുണ്ടായിരുന്നു. പൊടി പടലങ്ങൾ എല്ലാ സ്ഥലത്തും പതിയുന്നുണ്ടായിരുന്നു. ഹുസൂർ തിരിച്ച് വന്ന് തന്റെ കൂടെ വന്നവരുമായി വിടപറയാൻ ഗോൾകമരയുടെ മുമ്പിൽ നിന്നപ്പോൾ എല്ലാവരുംതന്നെ ഹുസൂറിന്റെ ചുറ്റും വട്ടമിട്ടുനിന്നു. ഞാൻ എല്ലാവരെയും മാറ്റിക്കൊണ്ട് ഹുസൂറിന്റെ അടുത്ത്പോയി നിന്നു. മറ്റുള്ളവരുടെയും ഹുസൂറിന്റെയും മുഖം സശ്രദ്ധം വീക്ഷിച്ചു. അപ്പോൾ ഞാൻ അത്ഭുതകരമായ ഒരു കാഴ്ച കണ്ടു. ഹുസൂറിന്റെ മുഖത്ത് പൊടിപടലത്തിന്റെ ഒരു അടയാളം പോലും കാണാൻ സാധിച്ചിരുന്നില്ല. മറ്റുള്ളവരുടെ മുഖങ്ങളിൽ നല്ലതുപോലെ പൊടിപടലങ്ങൾ പറ്റിപ്പിടിച്ചിരുന്നു. ഞാൻ ഈ കാര്യം ആ ദിവസം തന്നെ ഖലീഫ അവ്വലിനോട് പറഞ്ഞു. ഹുസൂർ പറഞ്ഞു. ഹ.മസീഹ് മൗഊദ് عليه السلام അങ്ങനെ ഉണ്ടാകുക എന്നത് ഒരടയാളമാണ്. തിരിച്ചു ചെന്ന് ലാഹോറിൽ വന്ന് പള്ളിയിലെ ഇമാമിനോട് ഈ കാര്യം പറഞ്ഞു. അതോടൊപ്പം ഈ കാര്യം ഖലീഫ അവ്വൽ رضي الله عنه നോട് പറഞ്ഞതും പറയുകയുണ്ടായി.

ഇത് മസീഹിന്റെ അടയാളമാണെന്ന് അദ്ദേഹം പറഞ്ഞതും കേൾപ്പിക്കുകയുണ്ടായി. ഉടനെ ആ മൗലവി പറഞ്ഞു: "ഞാൻ ഇതൊന്നും അംഗീകരിക്കുകയില്ല. ഇതെല്ലാം നൂറുദ്ദീൻ പഠിപ്പിച്ചുവിട്ടതാണ്. "ചുരുക്കത്തിൽ അദ്ദേഹത്തിന് ഇത് സ്വീകരിക്കാനുള്ള സൗഭാഗ്യം ലഭിച്ചില്ല. ഞാൻ സ്വന്തം കണ്ണുകൊണ്ട് ഈ അടയാളം കാണുകയുണ്ടായി.

ശേഖ് മുഹമ്മദ് സാഹിബ് പറയുന്നു: "ഞാൻ ഒരിക്കൽ സ്വപ്നം കാണുകയുണ്ടായി. ഒരു കിണർ നിറയെ പാലാണ്. ചിലർക്ക് ഞാൻ ആ കിണറിൽ നിന്ന് പാൽ ബക്കറ്റിൽ നിറച്ച് കുടിപ്പിക്കുന്നു. അങ്ങനെ ആ കിണർ വറ്റിപ്പോയി. ഇത് കണ്ടപ്പോൾ ഞാൻ മൗലവി ഫതഹുദ്ദീൻ സാഹിബിന്റെ അടുത്ത്പോയി ഈ സ്വപ്നം കേൾപ്പിച്ചു. അദ്ദേഹം പറഞ്ഞു: "നീ മൗലവി അബ്ദുൽ കരീം സാഹിബിന്റെ അടുത്ത് പോകുക. അതല്ലെങ്കിൽ മൗലവി നൂറുദ്ദീൻ സാഹിബിന്റെ അടുത്ത് പോകുക." ഇതുകേട്ടപ്പോൾ ഞാൻ ഖാദിയാനിൽ വന്നു. മൗലവി അബ്ദുൽ കാരീം സാഹിബിന് ഈ സ്വപ്നം കേൾപ്പിച്ചു. അദ്ദേഹം പറഞ്ഞു: "പാൽ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് അറിവാണ്." ഞാൻ പറഞ്ഞു: "ഞാൻ ഒരക്ഷരംപോലും പഠിക്കാത്തവനാണ്." അദ്ദേഹം പറഞ്ഞു: "ഈ അറിവ്കൊണ്ട് ഉദ്ദേശിക്കുന്നത് അല്ലാഹു പഠിപ്പിക്കുന്ന അറിവാണ്. ബക്കറ്റ് നിറച്ച് കുടിപ്പിക്കുന്നത് കൊണ്ട് ഉദ്ദേശിക്കുന്നത് പലരും താങ്കൾ മുഖേന മസീഹ് മൗഊദ് عليه السلام ന്റെ വാദം മനസ്സിലാക്കുന്നതാണ്. കിണറ് വറ്റിപ്പോയതുകൊണ്ട് ഉദ്ദേശിക്കുന്നത് നിങ്ങളെ തബ്‌ലീഗ് ചെയ്യുന്നതിൽ നിന്നും ഹദ്റത്ത് മസീഹ് മൗഊദ് عليه السلام നെ മഹ്ദിയാണെന്ന് പറയുന്നതിൽ നിന്നും തടയുന്നവർ ഒരുനാൾ താങ്കളുടെ മുമ്പിൽ വറ്റിവരണ്ട് പരാജിതരായി ത്തീരുന്നതാണ്."ഈ കാര്യങ്ങളെല്ലാം പൂർത്തിയാകുകയും ചെയ്തു. എന്റെ ഗ്രാമത്തിൽ എനിക്ക് ശക്തമായ എതിർപ്പുകൾ ഉണ്ടായിട്ടും എന്റെ തബ്‌ലീഗും അല്ലാഹുവിന്റെ സഹായവും ഹുസൂറിന്റെ ദുആയും മുഖേന അവരെല്ലാം അഹ്മദികളായിത്തീർന്നു.

ഖാസി മുഹമ്മദ് യൂസുഫ് സാഹിബ് പറയുന്നു: " ഞാൻ പല സ്ഥലത്തും പര്യടനം നടത്തിക്കൊണ്ടിരുന്നപ്പോൾ ഇന്ത്യയിൽ ബോംബെ, കറാച്ചി, ഡൽഹി, ആഗ്ര, സിംല, കൽക്കത്ത എന്നീ നഗരങ്ങൾ കാണാൻ സാധിച്ചു. ബലൂചിസ്ഥാനിൽ സിന്ധീ, കോയിട്ട മസ്താൻ എന്നിവ കാണാനും സാധിച്ചു. അഫ്ഘാനിസ്ഥാനിൽ ജലാലാബാദ്, കാബൂൾ, ചരെക്കർ നൂമാനി എന്നിവ കണ്ടു. പഞ്ചാബിൽ കൂഹ്മെരി, ഖാദിയാൻ, ഗുരുദാസ്പുർ, അമൃത്സർ, റാവൽപിണ്ഡി, സിയാൽകോട്ട്, ലാഹോർ, വസീറാബാദ് എന്നിവ കണ്ടു. സർഹദ് മറ്റു സ്ഥലങ്ങൾ എന്നിവ കണ്ടു. ജമ്മു കശ്മീർ കണ്ടു. റോസബല്ലിൽ യൂസഫ് ആസഫിന്റെ കബർ കണ്ടു. അത് മഹല്ലാ ഖാനിയാറിലാണുള്ളത്. ഞാൻ ബൈഅത്ത് ചെയ്തപ്പോൾ പിശാവിറിലെ സ്കൂളിലെ എല്ലാ കുട്ടികളുടെ ഇടയിലും ഖാദിയാനി എന്നും മിർസാ ഖാദിയാനി എന്നും ഞാൻ പ്രസിദ്ധനാകുകയുണ്ടായി. ബൈഅത്ത് ചെയ്ത അന്ന് തന്നെ സ്കൂൾ ഒന്നടങ്കം അറിഞ്ഞു. ഫുട്ബോൾ ഫീൽഡിൽ പോകുമ്പോൾ ശാഹീബാഗിൽ ഇതുതന്നെയായിരുന്ന ചർച്ച. അഹ്മദിയ്യത്തിനെക്കുറിച്ച് എല്ലാവരും അറിഞ്ഞു. ജനങ്ങൾ ചോദ്യങ്ങൾ ചോദിക്കാൻ തുടങ്ങി. നിത്യവും ചർച്ചയും സംവാദവും നടന്നുകൊണ്ടിരുന്നു. സ്കൂളിൽ ശാഹിബാഗിൽ എവിടെയെല്ലാം അവസരം ലഭിക്കുമോ അവിടെയെല്ലാം ഇത് ചർച്ചാവിഷയമായിമാറി. എന്റെ ഔദ്യോഗിക കാലത്ത് ഇത് സ്കൂളിൽ നിന്നും ആ പട്ടണത്തിൽ നിന്നും എല്ലാം പുറംകടന്ന് പിശാവറിന് ചുറ്റും മറ്റു പ്രദേശങ്ങളിലും ഇത് വ്യാപിച്ചു. കാരണം സർഹദിലെ എല്ലാ ജില്ലകളിലും ഹോണറബിൾ ചീഫ് കമ്മീഷണറുടെ കൂടെ സന്ദർശനത്തിന് പോകാറുണ്ടായിരുന്നു. ഇസ്‌ലാമിക് കോളേജിലും മിഷൻ കോളേജിലുമാണ് സർഹദിലെ എല്ലാ കുട്ടികളും പഠിച്ചിരുന്നത് അവരെ ബോർഡിംങ്ങിൽ പോയും കണ്ടിരുന്നു. അവിടെയും തബ്‌ലീഗ് ചെയ്തിരുന്നു. ഞാൻ മുഖേന സർഹദിലെ എല്ലാ സ്ഥലത്തും അഹ്മദിയ്യത്തിന്റെ തബ്‌ലീഗ് എത്തി. കൂടുതൽ പേര് അഹ്ദിയ്യത്തിൽ പ്രവേശിച്ചുകൊണ്ടിരുന്നു. ഞാൻ മുഖേന അഹ്മദി ആയവരുടെയും അവർ മുഖേന അഹ്മദി ആയവരുടെയും എണ്ണം ഏകദേശം ഇരുന്നൂറ് ഇരുന്നൂറ്റിഅമ്പത് വരും. ഇവരിൽ ചിലർ വഫാത്തായി. ചിലർ ഇപ്പോഴുമുണ്ട്. രണ്ടാം ഖിലാഫത്ത് കാലത്ത് അവരിൽ ചിലർ പൈഗാമികളായി മാറി. ചിലർ ജമാഅത്തിൽ അടിയുറച്ച് നിൽക്കുന്നു. "

ഹദ്റത്ത് അഹ്മദ് ദീൻ സാഹിബ് رضي الله عنه വിവരിക്കുന്നു. മാനാ സാഹിബിന്റെ മകനാണിദ്ദേഹം. ഞാൻ ജുമുആ ഖുത്വുബയിൽ ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ന്റെ നാവിലൂടെ കേട്ടു. ആ മഹാത്മാവ് അരുളി. എന്റെ ജമാഅത്തിലെ അജ്ഞർപോലും മറ്റുള്ളവരെ കീഴ്പ്പെടുത്തുന്നതാണ്. മറ്റുള്ളവർക്ക് ഇവരെയും നേരിടാൻ സാധ്യമല്ല. ഇത് സത്യമാണെന്ന് അനുഭവത്തിലൂടെ ഞാൻ കണ്ടിട്ടുണ്ട്. ഞാൻ അറിവില്ലാത്തവനും വിദ്യാഭ്യാസം ഇല്ലാത്തവനുമാണ്. എന്നിട്ടും അനഹ്മദീ പണ്ഡിതന്മാരെ പൂർണ്ണമായും ഉത്തരം മുട്ടിച്ചിട്ടുണ്ട്. ഏതുവരെയെന്നാൽ നീ അറിവില്ലാത്തവനും വിദ്യാസമ്പന്നനുമല്ലെന്ന് പറയുന്നത് കളവാണ്.

കാലെഖാൻ സാഹിബിന്റെ മകൻ ഹദ്റത്ത് ഡോക്ടർ മുഹമ്മദ് ബക്‌ശ് സാഹിബ് പറയുന്നു: "1901ൽ കത്ത് മുഖേന ഛാപനി ജില്ല ശിംലയിൽ നിന്നും ബൈഅത്ത് ചെയ്തു. 1902 ൽ ഹുസൂറിനെ നേരിൽ കണ്ടു. ആ സമയത്ത് തലയിൽ മൈലാഞ്ചി ഇട്ട് തുണികൊണ്ട് കെട്ടിവെച്ചിരിക്കുകയായിരുന്നു. തുണിയാണ് ഉടുത്തിരുന്നത്. മസ്ജിദ് മുബാറക്കിന്റെ അടുത്തുള്ള റൂമിന്റെ വരാന്തയിൽ കട്ടിലിൽ ഇരിക്കുകയായിരുന്നു. അപ്പോൾ നാലഞ്ച് ആളുകൾ ഉണ്ടായിരുന്നു. അവർക്ക് കൈ കൊടുത്തു. ഓരോരുത്തരുടെയും സ്ഥിതിവിവരങ്ങൾ അന്വേഷിച്ചു. എന്നോട് ചോദിച്ചു: "എവിടെ നിന്നാണ് വരുന്നത്." "കപൂർത്തലയിലെ കീനോം വാലി എന്ന സ്ഥലത്ത് നിന്നാണ്. അവധി എടുത്താണ് വന്നത്. തോപ്പ് ഖാനയിൽ ജോലി ചെയ്തുകൊണ്ടിരിക്കുകയാണ്." ഞാൻ പറഞ്ഞു: "ഞാൻ അഹ്മദിയാണ്. സൈന്യത്തിൽ തബ്‌ലീഗ് ചെയ്യുക എന്നത് വളരെ പ്രയാസമുള്ള കാര്യമാണ്. ഓഫീസർമാർ തബ്‌ലീഗ് ചെയ്യാൻ അനുവദിക്കില്ല." ഹുസൂർ പറഞ്ഞു: "നിങ്ങൾ ഒറ്റയാനായി നിൽക്കില്ല. സ്ഥിരചിത്തതയോടുകൂടി അഹ്മദിയ്യത്തിന്റെ തബ്‌ലീഗ് ചെയ്തുകൊണ്ടിരിക്കുക. ഭയപ്പെടേണ്ട." ഹുസൂർ ചോദിച്ചു: "ക്യാമ്പിൽ ഒരു സ്ഥലത്ത് മാത്രമാണോ നിൽക്കാറുള്ളത്." പറഞ്ഞു: "ഓരോ മൂന്ന് വർഷം കൂടുമ്പോഴും ക്യാമ്പ് മാറുന്നതാണ്." പറഞ്ഞു: "എവിടെപോയാലും അവിടെയുള്ള ജമാഅത്തുമായി ബന്ധപ്പെടുക. (ഇത് അടിസ്ഥാനപരമായ കാര്യമാണ്. എവിടെ പോയാലും ഓരോ അഹ്മദിയും ജമാഅത്തുമായി ബന്ധം നിലനിർത്തേണ്ടതാണ്.)

ഹദ്റത്ത് മാമൂഖാൻ സാഹിബ് رضي الله عنه വിവരിക്കുന്നു. 1902 ൽ ഞാനൊരു സ്വപ്നം കണ്ടു. ചന്ദ്രൻ ആകാശത്ത് നിന്ന് എന്റെ മടിത്തട്ടിൽ വീണിരിക്കുന്നു. സയ്യിദ് മുഹമ്മദ് സാഹിബ് മർഹൂമിനോട് ഞാൻ ഈ സ്വപ്നം വിവരിച്ചു. അദ്ദേഹം മുഖ്ലിസായ ഒരഹ്മദിയായിരുന്നു. അദ്ദേഹം പറഞ്ഞു: "നിങ്ങൾക്ക് ആദരവ് ലഭിക്കുന്നതാണ്. അതല്ലെങ്കിൽ ഒരു ഭക്തനെ നിങ്ങൾ ബൈഅത്ത് ചെയ്യുന്നതാണ്." അന്ന് എന്റെ വയസ്സ് 24 ആയിരുന്നു. സയ്യിദ് മുഹമ്മദ് ശാ സാഹിബ് മാച്ഛീ പാടയുടെ സ്കൂളിൽ

ജോലി ചെയ്യുകയായിരുന്നു. അദ്ദേഹം എന്നോട് തബ്‌ലീഗ് ചെയ്യാൻ തുടങ്ങി. പണ്ഡിറ്റ് ലേഖറാമിന്റെ പ്രവചനം അക്കാലത്ത് ചർച്ചാ വിഷയമായിരുന്നു. ഞാൻ ശാ സാഹിബിനോട് പറഞ്ഞു: "പണ്ഡിറ്റ് ലേഖറാമിനെക്കുറിച്ചുള്ള പ്രവചനം സത്യമായിപ്പുലർന്നാൽ ഞാൻ ബൈഅത്ത് ചെയ്യുന്നതാണ്. ഈ പ്രവചനം പൂർത്തിയാകുകയുണ്ടായി. ഉടനെ ഞാൻ ബൈഅത്ത് ചെയ്തു. ആ സമയത്ത് മൗലവി അബ്ദുൽ കരീം സാഹിബ് ജീവിച്ചിരിപ്പുണ്ടായിരുന്നു. സയ്യിദ് മുഹമ്മദ് ശാ സാഹിബിനോട് ബൈഅത്തിന്റെ കത്ത് ഞാൻ എഴുതിപ്പിച്ചു. ഹുസൂറിന്റെ അടുത്ത് അത് സമർപ്പിക്കപ്പെട്ടു. മൗലവി അബ്ദുൽ കരീം സാഹിബിനോട് മറുപടി അയക്കാൻ പറഞ്ഞു. എന്റെ പേരിലുള്ള കത്ത് എനിക്ക് കിട്ടി. ബൈഅത്ത് അംഗീകരിച്ചിരിക്കുന്നു എന്ന് അതിൽ ഉണ്ടായിരുന്നു. നിങ്ങൾക്ക് വേണ്ടി ഹുസൂർ ദുആ ചെയ്തിട്ടുണ്ട്. 1904 ൽ കത്ത് മുഖേന ഞാൻ ബൈഅത്ത് ചെയ്തു. 1906 ൽ ഖാദിയാനിൽ വന്ന് നേരിട്ട് കയ്യിൽ ബൈഅത്ത് ചെയ്തു."

ഹദ്റത്ത് മിയാൻ അബ്ദുർറശീദ് സാഹിബ് വിവരിക്കുന്നു. ലാഹോറിൽ ഒരു അനഹ്മദിയുടെ കുട്ടി റെയിൽവേയിൽ ജോലി ചെയ്യുന്നുണ്ടായിരുന്നു. അവൻ ആര്യസമാജ ചിന്താഗതിക്കാരനായി മാറി. അവന്റെ മാതാപിതാക്കൾക്ക് ഇതിൽ വലിയ വിഷമം നേരിട്ടു. അവർ അവനെ ശാഹി മസ്ജിദിലെ ഒരു മൗലവിയുടെ അടുത്ത് കൊണ്ട്പോയി. ആ കുട്ടി ആര്യസമാജികളുടെ ചില ആക്ഷേപങ്ങൽ മൗലവി സാഹിബിന്റെ മുമ്പാകെ സമർപ്പിച്ചു. അതുകേട്ടപ്പോൾ മൗലവി ചൂടായി. അവനെ അടിക്കാനായി എഴുന്നേറ്റു. അപ്പോൾ ആ യുവാവ് തന്റെ തലപ്പാവും എല്ലാം അവിടെ ഊരിയിട്ട് ഓടി രക്ഷപ്പെട്ടു. ജനങ്ങളും അവന്റെ പിന്നാലെ ഓടി. ജനങ്ങളുടെ ഈ അവസ്ഥ കണ്ട് അഹ്മദ്ദീൻ സാഹിബ് എന്ന അഹ്മദിയും അവരുടെ കൂടെ ഓടി. ആകുട്ടിയുടെ വീടുവരെ പോയി. സംഭവമെന്താണെന്ന് അറിഞ്ഞപ്പോൾ അദ്ദേഹം എന്റെ അടുത്ത് വന്നു. ആ കുട്ടിയുടെ അവസ്ഥ എന്നോട് വിവരിച്ചു. അവനെപോയി കാണണമെന്നും പറഞ്ഞു. അവന്റെ ചിന്താഗതികളിൽ മാറ്റം വരുത്തണം. (ഒരു മുസൽമാൻ എന്തുകൊണ്ട് ആര്യസമാജി ആയിത്തീർന്നു എന്ന വേദനയായിരുന്നു, ഈ വേദന അഹ്മദിക്കാണുണ്ടായത്. മൗലവി അടിക്കാനാണ് തയ്യാറായത്.) ഞാൻ അദ്ദേഹത്തിന്റെ കൂടെ ആ കുട്ടിയുടെ വീട്ടിൽ പോയി. ആദ്യമൊക്കെ സംസാരിക്കാൻ അവൻ സമ്മതിച്ചില്ല. ഞാൻ ആര്യസമാജി ആയിക്കഴിഞ്ഞിരിക്കുന്നു എന്നും നിങ്ങളുടെ സംസാരം എനിക്ക് ഏൽക്കുകയില്ലെന്നും തുറന്നുപറഞ്ഞു. മാംസാഹാരമെല്ലാം ഉപേക്ഷിച്ച് ആര്യസമാജ്യരുടെ രീതി അവലംബിച്ചുകഴിഞ്ഞിരുന്നു. അവരുടെ സദസ്സുകളിൽ പോകും. അവരുടെ ആരാധനയിൽ പങ്കെടുക്കും. പറയുന്നു. ഞാൻ നിരന്തരം ബന്ധപ്പെട്ടുകൊണ്ടിരുന്നപ്പോൾ എന്നോട് താൽപര്യമുണ്ടായി. നടക്കാൻ പോകുമ്പോൾ കൂടെ ഞാനും പോകും. ചിലപ്പോൾ അവനുവേണ്ടി ഞാൻ കാത്തിരിക്കും. നടക്കാൻ പോകുമ്പോൾ കൂടെ പോകാനായിരുന്നു ഇത്. കുറച്ചുനാളുകൾ കഴിഞ്ഞപ്പോൾ ഈസ്റ്ററിന്റെ അവധിവന്നു. ഞാൻ പറഞ്ഞു: "എന്റെ കൂടെ ഖാദിയാനിൽ വന്നാലും." എന്നാൽ അവൻ അതിനു തയ്യാറായിരുന്നില്ല. ഞാൻ മൗലവിമാരുടെ അടുത്ത്പോകാൻ ഇഷ്ടപ്പെടുന്നില്ല എന്നാണ് പറഞ്ഞിരുന്നത്. അപ്പോൾ ഞാൻ പറഞ്ഞു. ഖാദിയാനിൽ ഒരു പ്രയാസവും ഉണ്ടാവില്ല. താങ്കളോട് അപമര്യദയായി ആരും പെരുമാറില്ല. എന്തുതന്നെ ആക്ഷേപമുണ്ടെങ്കിലും പറയാവുന്നതാണ്. ഞാൻ പൂർണ്ണ ഉത്തരവാദിത്വം ഏറ്റെടുക്കാം. കുറെ നിർബന്ധിച്ചതിനുശേഷം അവൻ സമ്മതിച്ചു. ഞങ്ങൾ ഖാദിയാനിലേക്ക് പോയി. അവിടെപോയി മൗലവി ഹക്കീം നൂറുദ്ദീൻ സാഹിബ് ഖലീഫ അവ്വലിനെ കണ്ടു. അദ്ദേഹം വളരെ വാത്സല്യത്തോടെയാണ് പെരുമാറിയത്. പറഞ്ഞു: "നിങ്ങൾക്ക് എന്ത് തന്നെ ആക്ഷേപമുണ്ടെങ്കിലും പറയുക. മറുപടി നൽകുന്നതാണ്." ഞാൻ പറഞ്ഞു: "ഹുസൂർ ഇവൻ ഇപ്പോൾ മാംസാഹാരമെല്ലാം ഉപേക്ഷിച്ചിരിക്കുകയാണ്. ഹിന്ദുക്കളുടെ ജിവിതശൈലിയാണ് സ്വീകരിച്ചിരിക്കുന്നത്." മൗലവി സാഹിബ് ഉടനെ പരിപ്പും കുറച്ച് റൊട്ടിയും തന്റെ വീട്ടിൽ നിന്നും അവനുവേണ്ടി മഹ്മാൻ ഖാനയിലേക്ക് അയച്ചു. ഇതുകണ്ടപ്പോൾതന്നെ അവൻ അത്ഭുതപ്പെട്ടു. സുഹർ നമസ്ക്കാരത്തിന് ഞാൻ പോയപ്പോൾ അവനെയും കൂടെ കൊണ്ടുപോയി. നമസ്ക്കാരത്തിന് ശേഷം മസീഹ് മൗഊദ് عليه السلام മസ്ജിദ് മുബാറക്കിൽ ഇരുന്നു. ആ ദിവസങ്ങളിൽ ഹ.മസീഹ് മൗഊദ് عليه السلام ആര്യന്മാർക്കുവേണ്ടി ഒരു ലേഖനം എഴുതിക്കൊണ്ടിരിക്കുകയായിരുന്നു. ആ സമയത്ത് ഹദ്റത്ത് സാഹിബ് ആര്യസമാജികളുടെ ആക്ഷേപങ്ങൾ പറഞ്ഞുകൊണ്ട് അതിന്റെ മറുപടി സദസ്സിൽ കേൾപ്പിച്ചു. ഇത് ആ കുട്ടിയിൽ വളരെയധികം സ്വാധീനം ഉണ്ടാക്കുകയുണ്ടായി. അങ്ങനെ പല ആക്ഷേപങ്ങളും സ്വയം അകന്നുകൊണ്ടിരുന്നു. ഇസ്‌ലാമിനോട് പ്രത്യേക താൽപര്യം ജനിക്കുകയുണ്ടായി. അസർ നമസ്ക്കാരത്തിനുശേഷം ഞാൻ അവനെ മൗലവി സാഹിബിന്റെ ദറസുൽ ഖുർആൻ കേൾക്കാൻ കൊണ്ടുപോയി. (ഹദ്റത്ത് ഖലീഫ അവ്വൽ ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ന്റെ കാലത്തും ദറസുൽ ഖുർആൻ നൽകാറുണ്ടായിരുന്നു) അത് മസ്ജിദ് അഖ്സയിലാണ് ഉണ്ടാകാറ്. അതിനുശേഷം ഞങ്ങൾ രണ്ടുപേരും മൗലവി സാഹിബിന്റെ അടുത്ത് ചെന്നു. ഞാൻ പറഞ്ഞു. ഇദ്ദേഹത്തിന് എന്തെങ്കിലും പറഞ്ഞുകൊടുത്താലും. മൗലവി സാഹിബ് പറഞ്ഞു. ഇദ്ദേഹത്തിന് എന്താണ് ആക്ഷേപമുള്ളത് അത് പറഞ്ഞാലും. അവൻ മാംസം ഭക്ഷിക്കുന്നതിനെക്കുറിച്ച് ചോദിച്ചു. അതിന് വളരെ നല്ല മറുപടി മൗലവി സാഹിബ് നൽകി. അവന് തൃപ്തിയായി. മഗ്‌രിബ് നമസ്ക്കാരത്തിന് ശേഷം മസ്ജിദ് മുബാറക്കിൽ ഹുസൂർ عليه السلام ന്റെ അടുത്ത് ഞങ്ങൾ ചെന്നു. ഹുസൂർ عليه السلام ശഹ്നശീനിൽ ഇരുന്ന് സംസാരിച്ചുകൊണ്ടിരുന്നു. മൗലവി അബ്ദുൽ കരീം സാഹിബ് മുഖേനയാണ് ജനങ്ങൾ പൊതുവിൽ ചോദ്യങ്ങൽ ചോദിക്കാറുള്ളത്. ഈ കുട്ടി ഈ സംസാരമെല്ലാം കേട്ടുകൊണ്ടിരുന്നു. അതിനുശേഷം അവൻ ഒരാക്ഷേപവും ഉന്നയിച്ചില്ല. അടുത്ത ദിവസം ളുഹർ നമസ്ക്കാരത്തിന് വുളു ചെയ്ത് നമസ്ക്കരിച്ചു. ആ ദിവസവും മൗലവി സാഹിബിന്റെ ദർസ് കേട്ടു. മൂന്നാം ദിവസം ഈ കുട്ടി ബൈഅത്ത് ചെയ്ത് ഇസ്‌ലാമിൽ വീണ്ടും പ്രവേശിച്ചു. ഇപ്പോൾ അദ്ദേഹത്തിന് ഇസ്‌ലാമിനോട് പ്രത്യേക സ്നേഹമാണ്. ആര്യസമാജക്കാരുടെ സദസ്സിൽ ചെന്ന് ഇസ്‌ലാമിന്റെ മഹത്വങ്ങൽ വിവരിക്കാറുണ്ട്. ആര്യസമാജക്കാരുടെ ആക്ഷേപങ്ങൾക്ക് മറുപടി നൽകുന്നു.

(മുസ്‌ലിമായിരുന്ന ഒരു വ്യക്തിയെ നഷ്ടപ്പെടുന്നത് അവർ ആഗ്രഹിച്ചില്ല. അതിനെ രക്ഷിക്കാൻ അവർ പാടുപെട്ടു.)

മുഗൾ സാഹിബ് എന്നറിയപ്പെടുന്ന മിയാൻ അബ്ദുൽ അസീസ് സാഹിബ് പറയുന്നു: "നീലെ ഗുമ്പതിൽ ഒരു പഠാൻ മൗലവി ഉണ്ടായിരുന്നു. അദ്ദേഹത്തിന് ഞാൻ തബ്‌ലീഗ് ചെയ്തു. ഹദ്റത്ത് മസീഹ് മൗഊദ് عليه السلام സത്യവാനാണെന്ന് അദ്ദേഹം അംഗീകരിച്ചു. എന്നാൽ അദ്ദേഹം പറഞ്ഞു: " നിങ്ങൾ ഇവിടെ വന്ന് വെറും വേല ചെയ്യുകയാണ്. കാരണം ഞങ്ങളുടെ രീതി എന്നു പറഞ്ഞാൽ ഒരു പ്രാവശ്യം ഞങ്ങൾ നിഷേധിച്ചുകഴിഞ്ഞാൽ അല്ലാഹു വന്ന് പറഞ്ഞാൽ പോലും അത് മാറ്റുകയില്ല."

ആ മൗലവിയെക്കുറിച്ച് പറഞ്ഞുകേട്ടത് അയാൾ പിന്നീട് ആത്മഹത്യ ചെയ്തു എന്നാണ്.

മറ്റൊരു മൗലവിയുടെ സംഭവം കൂടിയുണ്ട്. അദ്ദേഹവും യാദൃശ്ചികമായി പഠാൻ തന്നെയാണ്. അയാളും വിഷം കഴിച്ച് ആത്മഹത്യ ചെയ്യുകയാണ് ചെയ്തത്. ലോഹാരി മണ്ഡിയിൽ അദ്ദേഹത്തിന് കട ഉണ്ടായിരുന്നു. ഞങ്ങൾ അതിലെ കടന്നുപോകുമ്പോൾ ഞങ്ങളെ നോക്കി അതാ കാഫിർ പോകുന്നു എന്ന് പറയുമായിരുന്നു. ഞാൻ ഒരിക്കൽ പറഞ്ഞു: "ഒന്ന് അന്വേഷിച്ച് നോക്കിക്കൂടെ. വെറുതെ കാഫിർ എന്ന് പറയണോ." അപ്പോൾ പറഞ്ഞു: "അല്ലാഹു തന്നെ വന്ന് പറഞ്ഞാലും ഞാൻ വിശ്വസിക്കുകയില്ല." അതേ മറുപടി.

ഹദ്റത്ത് മുൻശി ഖാസി മഹ്ബൂബ് ആലം സാഹിബ് വിവരിക്കുന്നു. ഞാൻ മിയാൻ മൂസാസാഹിബിന് തബ്‌ലീഗ് ചെയ്തു. അങ്ങനെ അദ്ദേഹത്തെ ഖാദിയാനിലേക്ക് അയച്ചു. എന്നാൽ ബൈഅത്ത് ചെയ്യാതെ ഖാദിയാനിൽ നിന്നും തിരിച്ചുവന്നു. പിന്നീട് ഇടക്കിടക്ക് ബദർ പത്രം അദ്ദേഹത്തെ വായിച്ചു കേൾപ്പിക്കും. ഒരു ദിവസം ഒരു ഹദീസ് കേൾപ്പിച്ചു. ഒരു ബദ്‌വി തിരുനബി ﷺ യുടെ സവിധത്തിൽ ഹാജറായി. തിരുനബി ﷺ യെ സംബോധന ചെയ്തുകൊണ്ട് പറഞ്ഞു: "താങ്കൾ അല്ലാഹുവിന്റെ റസൂലാണെന്ന് അല്ലാഹുവിന്റെ പേരിൽ സത്യം ചെയ്തുകൊണ്ട് താങ്കൾക്ക് പറയാൻ സാധിക്കുമോ." അപ്പോൾ തിരുനബി ﷺ സത്യം ചെയ്തുകൊണ്ട് പറഞ്ഞു: "ഞാൻ അല്ലാഹുവിന്റെ റസൂലാണ്." ആ ബദ്‌വി ഇത്കേട്ട് ബൈഅത്ത് ചെയ്തു. തന്റെ ഗോത്രത്തേയും ബൈഅത്ത് ചെയ്യാൻ കൊണ്ടുവന്നു. ഈ സംഭവം ഞാൻ മുഹമ്മദ് മൂസാ സാഹിബിനെ കേൾപ്പിച്ചപ്പോൾ അദ്ദേഹത്തെയും ഇത് പ്രത്യേകം സ്വാധീനിക്കുകയുണ്ടായി. അദ്ദേഹം ഉടനെ ഒരു കത്ത് ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ന് അയച്ചു. താങ്കൾ തന്നെയാണ് മസീഹ് മൗഊദ് എന്ന് സത്യം ചെയ്ത് താങ്കൾക്ക് പറയാൻ സാധിക്കുമോ. ഈ കാർഡ് ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ന്റെ സമക്ഷം എത്തിയപ്പോൾ മൗലവി അബ്ദുൽ കരീം സാഹിബിനോട് പറഞ്ഞു: "ഇങ്ങനെ എഴുതുക. തിരുനബി ﷺ ഈ ഉമ്മത്തിന് വാഗ്ദാനം ചെയ്തിരിക്കുന്ന ആ വാഗ്ദത്ത മസീഹ് ഞാൻ തന്നെയാണെന്ന് അല്ലാഹുവിന്റെ പേരിൽ ഞാൻ സത്യം ചെയ്യുന്നു." ഈ കത്തിൽ മൗലവി അബ്ദുൽ കരീം സാഹിബ് തന്റെ ഭാഗത്തുനിന്ന് ഒന്നുരണ്ട് വരികൾ കൂടുതലായി എഴുതി. അതായത് താങ്കൾ അല്ലാഹുവിന്റെ മസീഹിനോടാണ് സത്യം ചെയ്യിച്ചത്. അതുകൊണ്ട് ഒന്നെങ്കിൽ വിശ്വസിക്കുക. അല്ലെങ്കിൽ ദൈവശിക്ഷ പ്രതീക്ഷിച്ചിരിക്കുക. ഈ കത്ത് എത്തിയപ്പോൾ മുഹമ്മദ് മൂസാ സാഹിബ് തന്റെയും കുടുംബത്തിന്റെയും ബൈഅത്ത് അറിയിച്ചുകൊണ്ടുള്ള കത്തയച്ചു. പറയുന്നു. അങ്ങനെ എന്നെ ഒറ്റക്ക് വിടാതെ അല്ലാഹു അദ്ദേഹത്തെയും എന്റെ കൂടെ കൂട്ടി.

മുൻശി ഖാസി മഹ്ബൂബ് ആലം സാഹിബ് വിവരിക്കുന്നു. ലാഹോറിൽ ഒരു വക്കീൽ ഉണ്ടായിരുന്നു. പേര് കരീം ബക്ശ് എന്നും വിളിപ്പേര് ബക്കര എന്നുമായിരുന്നു (ഇതെന്ത് പേരാണാവോ വെച്ചത്) അയാൾ ഹദ്റത്ത് മസീഹ് മൗഊദ് عليه السلام നെ മോശമായി ആക്ഷേപിച്ചിരുന്നു. ഒരിക്കൽ സംസാരമധ്യേ അയാൾ പറഞ്ഞു. മസീഹ് മരിച്ചു എന്ന് ആരാണ് പറയുന്നത്. ഞാൻ പറഞ്ഞു. ഹദ്റത്ത് ഈസ عليه السلام വഫാത്തായിട്ടുണ്ട് എന്ന് ഞാൻ തെളിയിക്കാം. ഉടനെ അയാൾ എന്റെ മുഖത്ത് ഒരൊറ്റ അടി. എനിക്ക് ബോധം നഷ്ടപ്പെട്ടു. അങ്ങനെ ഞാൻ വീണു. അവിടെ നിന്ന് പിന്നീട് ഞാൻ തിരിച്ചുവന്നു. അടുത്ത ദിവസം ഞാൻ സ്വപ്നത്തിൽ കാണുകയാണ്. കരീം ബക്ശ് ഇർഫ് ബക്കര ഒരു പൊട്ടിപ്പൊളിഞ്ഞ കട്ടിലിൽ ഇരിക്കുന്നു. അയാളുടെ കട്ടിലിനു താഴെ ഒരു കുഴിയുണ്ട്. അതിലേക്ക് അയാൾ വീഴുകയാണ്. വളരെ പരിതാപകരമായ ഒരവസ്ഥയാണയാളുടേത്. രാവിലെ എഴുന്നേറ്റ് ഞാൻ അയാളുടെ അടുത്ത് ചെന്നു. നീ നിന്ദ്യനായിത്തീരുമെന്ന് എനിക്ക് സ്വപ്നത്തിൽ കാണിക്കപ്പെട്ടു എന്ന് ഞാൻ പറഞ്ഞു. അതിനുശേഷം കുറച്ചുനാളുകൾ കഴിഞ്ഞപ്പോൾ അദ്ദേഹത്തിന്റെ മകൾ അവിഹിതബന്ധത്തിൽ ഗർഭത്തിലായി, അങ്ങനെ നിന്ദ്യനായിത്തീർന്നു. അബോർഷൻ ചെയ്തതിന്റെ ഫലമായി മകൾ മരിക്കുകയും ചെയ്തു. പോലീസ് ഇതറിഞ്ഞു. അയാളുടെ കുറേ പണം ഇതിന്നായി ചെലവഴിച്ചു. നിന്ദ്യനായി വീട്ടിൽ നിന്നും പുറത്തിറങ്ങാതെയായി. ഒരിക്കൽ ഞാൻ ആയാളോട് വിളിച്ചു പറഞ്ഞു. നിങ്ങൾ ഹദ്റത്ത് മസീഹ് മൗഊദ് عليه السلام നെ ചീത്ത പറയാറില്ലെ. അതിന്റെ പരിണിതഫലമാണ് ഈ അനുഭവിക്കുന്നത്. അതിന് ഒരു മറുപടിയും അയാൾ തന്നില്ല.

എന്നാൽ ഇക്കാലത്ത് പാക്കിസ്ഥാനിൽ നല്ല നിലയിൽ ഒരു മൗലവിയോട് നിങ്ങൾ വല്ലതും പറഞ്ഞാൽ നിയമത്തിന്റെ മറപിടിച്ച് നമ്മേ പിടിപ്പിക്കുന്നു. തന്റെ അഭിമാനത്തെ നബി ﷺ യുടെ അഭിമാനവുമായി കൂട്ടി തിരുനബിയെ അപമാനിച്ചു എന്ന് പറഞ്ഞ് കേസ് കൊടുക്കുന്നു. ഇന്നുള്ള അവസ്ഥയാണിത്.

ഹദ്റത്ത് മുൻശി ഖാസി മഹ്ബൂബ് ആലം സാഹിബ് വിവരിക്കുന്നു. ഹദ്റത്ത് സാഹിബിന്റെ ബർക്കത്ത് കൊണ്ട് എന്റെ നിക്കാഹ് നടക്കുകയുണ്ടായി. ഞാൻ എന്റെ അമ്മായിഅമ്മയെ തബ്‌ലീഗ് ചെയ്തു. അവരെ ഇത് സ്വാധീനിച്ചു. എന്നാൽ ബൈഅത്ത് ചെയ്തിരുന്നില്ല. ഒരിക്കൽ അവർ തന്റെ ആഭരണം കഴിച്ച് എനിക്ക് തന്നു. എന്നിട്ട് പറഞ്ഞു: "ഇത് ഹദ്റത്ത് സാഹിബിന് നൽകുക. എന്നിട്ട് പറയുക. ഇതിന്റെ പ്രതിഫലം എനിക്ക് ഖിയാമത്ത് നാളിൽ കിട്ടട്ടെ." ഞാൻ ആ ആഭരണവുമായി ഖാദിയാനിൽ വന്നു. ഹദ്റത്ത് അഖ്ദസിന് കൊടുത്തു. ഇത് എന്റെ അമ്മായിഅമ്മ തന്നതാണെന്നും ഇതിന്റെ പ്രതിഫലം എനിക്ക് ഖിയാമത്തിൽ കിട്ടട്ടെ എന്നും പറയുകയുണ്ടായി. ഹുസൂർ അത് സ്വീകരിച്ചുകൊണ്ട് പറഞ്ഞു: "ഇൻശാഹ് അല്ലാഹ് തആല ഇതിന്റെ പ്രതിഫലം അവർക്ക് ലഭിക്കുന്നതാണ്. കുറേ കഴിഞ്ഞ് അവർ വഫാത്തായപ്പോൾ ഞാൻ അവരുടെ ജനാസ നമസ്ക്കരിച്ചിരുന്നില്ല. കാരണം അവർ ബാഹ്യമായി ബൈഅത്ത് ചെയ്തിരുന്നില്ല. ഹദ്റത്ത് അഖ്ദസിന്റെ അടുത്ത് 1906 ൽ ഞാൻ പോയപ്പോൾ ഭാര്യാമാതാവ് വഫാത്തായതിനെക്കുറിച്ച് പറഞ്ഞു. എന്നിട്ട് പറഞ്ഞു. ഞാൻ അവരുടെ ജനാസ നമസ്ക്കരിച്ചിട്ടില്ല. ഹുസൂർ പറഞ്ഞു. അവരുടെ ജനാസ നമസ്ക്കരിക്കേണ്ടതായിരുന്നു. കാരണം അവർ തന്റെ പ്രവർത്തനം മുഖേന താൻ അഹ്മദിയാണെന്ന് കാണിച്ചുതന്നു. അവരുടെ ചുറ്റുപാടുകാരണമോ അറിവില്ലാത്തതുകാരണമോ ബൈഅത്ത് ചെയ്തിട്ടില്ല. എന്നാൽ അവരുടെ പ്രവർത്തനത്തിലൂടെ അഹ്മദിയാണെന്ന് കാണിച്ചു. ഇസ്‌ലാമികപ്രചരണവും അല്ലാഹുവുമായുള്ള ബന്ധം സ്ഥാപിക്കലും എന്ന ഹ.മസീഹ് മൗഊദ് عليه السلام ന്റെ ആഗമനലക്ഷ്യത്തിനായി തന്റെ ഇഷ്ടപ്പെട്ട വസ്തു പ്രത്യേകിച്ച് അക്കാലത്തും ഇക്കാലത്തും സ്ത്രീകൾക്ക് ഇഷ്ടം തന്നെയാണ്, ഇസ്‌ലാമിന്റെ പ്രചാരണത്തിനായി ആഭരണം നൽകുകയുണ്ടായി. ഖിയാമത്തിനെക്കുറിച്ചുള്ള ഭയമുണ്ടായിരുന്നു. അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കാനുള്ള ആഗ്രഹം ഹൃദയത്തിലുണ്ടായിരുന്നു. എന്നാൽ മറ്റൊരു കാര്യം ഇവിടെ വ്യക്തമാക്കട്ടെ. ഞങ്ങൾ അഹ്മദികളെ മോശമായിക്കരുതുന്നില്ല എന്ന് പറയുന്നവരെ അഹ്മദികളായി കണക്കുകൂട്ടരുത്. ഈ സന്ദർഭം എന്നത് ആ സ്ത്രീ തന്റെ ധനം ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ന്റെ ആഗമനലക്ഷ്യം പൂർത്തിയാക്കുന്നതിനായി ഇസ്‌ലാമിക പ്രചാരണത്തിനായി നൽകുകയുണ്ടായി. ഹൃദയത്തിൽ മോശമല്ലെന്ന് കരുതുന്നതോ അഹ്മദികൾ നല്ലവരാണെന്ന് പറയുകയോ മാത്രം ചെയ്തതുകൊണ്ടായില്ല.

ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ഒരു സ്ഥലത്ത് ഇപ്രകാരം പറഞ്ഞിട്ടുണ്ട്: "മോശമായി കരുതുന്നില്ലെങ്കിൽ ഇത് പരസ്യമായി എന്തുകൊണ്ട് വെളിപ്പെടുത്തുന്നില്ല. തടസ്സങ്ങളില്ലെങ്കിൽ ബൈഅത്തും ചെയ്യേണ്ടതാണ്. ഞങ്ങൾ മോശമായി കണക്കാക്കുന്നില്ല എന്നത് മാത്രം മതിയാകുന്നതല്ല." അവസ്ഥകൾ നോക്കിയാണ് തീരുമാനം എടുക്കുക.

ഹദ്റത്ത് മൗലാനാ ഗുലാം റസൂൽ സാഹിബ് رضي الله عنه രാജകി വിവരിക്കുന്നു. ഞാൻ ബൈഅത്ത് ചെയ്തു. ഹദ്റത്ത് അഖ്ദസ്സിന്റെ ഗ്രന്ഥങ്ങൾ വായിച്ചു. ഒരു ആവേശം ഉണ്ടായി. അങ്ങനെ തബ്ലീഗ് തുടങ്ങി. ആ ദിവസങ്ങളിൽ ഞാൻ തബ്ലീഗ് ചെയ്യുന്ന രീതി ഇപ്രകാരമായിരുന്നു. നാലഞ്ച് ആളുകൾ ഒരുമിച്ചിരിക്കുന്നത് കണ്ടാൽ അവിടെചെന്ന് അസ്സലാമുഅലൈക്കും എന്ന് പറഞ്ഞ് മുബാറക്ക ഹോ എന്ന് പറയും. അവർ ചോദിക്കും എന്തിനാണ് ആശംസകൾ അർപ്പിക്കുന്നത് ഞാൻ പറയും. ഇമാം മഹ്ദി വന്നിരിക്കുന്നു. ഇതുകണ്ട് ചിലർ പരിഹസിക്കും. ചിലർ കളിയാക്കും. ചിലർ കൂടുതൽ കാര്യങ്ങൽ അറിയാൻ ശ്രമിക്കും. ഏതെങ്കിലും രീതിയിൽ സംസാരം തുടങ്ങും അങ്ങനെ തബ്ലീഗിനുള്ള അവസരം ഞാൻ ഒരുക്കുമായിരുന്നു.

തബ്ലീഗിനുള്ള അവസരം കണ്ടെത്തുകയാണ് വേണ്ടത്. ഇക്കാലത്ത് നോട്ടീസുകൾ ലോകത്ത് വിതരണം ചെയ്യുന്നുണ്ട്. അതിൽ നിന്നും ചോദ്യങ്ങൾ ചോദിക്കുന്നു. അതുമുഖേന തബ്ലീഗിനുള്ള അവസരം ഒരുങ്ങണം. ഒരു കടലാസ് കൊടുത്ത് ഇത് അഹ്മദിയ്യാ ജമാഅത്തിന്റെ സമാധാന സന്ദേശമാണെന്ന് പറഞ്ഞാൽ മാത്രം പോര. അങ്ങനെ കടമ കഴിഞ്ഞെന്ന് ധരിക്കരുത്. ആ ബന്ധത്തെ മുന്നോട്ട് കൊണ്ടുപോകണം. കഴിയുന്നത്ര മുന്നോട്ട് കൊണ്ടുപോകാൻ ശ്രമിക്കുക.

ഇതേപോലെ പള്ളികളും ഉദ്ഘാടനം ചെയ്യപ്പെടുന്നുണ്ട്. മൂന്ന് പള്ളികളുടെ ഉദ്ഘാടനം കഴിഞ്ഞിരിക്കുന്നു. അടുത്ത ഒരു മാസത്തിനുള്ളിൽ മൂന്ന് പള്ളികൾ കൂടി ഉദ്ഘാടനം ചെയ്യപ്പെടുന്നതാണ്. ഇൻശാഹ് അല്ലാഹ്. ഇവിടെ യു.കെ. യിലെ കാര്യമാണിത്. യു.കെ. ജമാഅത്തിന്റെ ശ്രദ്ധ ഇതിലേക്ക് തിരിഞ്ഞിരിക്കുന്നു. ഇതുമുഖേനയും തബ്ലീഗിന്റെ വഴികൾ തുറക്കപ്പെടേണ്ടതാണ്. നമ്മുടെ ബന്ധങ്ങൾ വർദ്ധിക്കണം. അവിടങ്ങളിലെ പ്രാദേശിക ജമാഅത്തുകൾ പ്രദേശവാസികളുമായി ബന്ധം സ്ഥാപിച്ചെടുക്കേണ്ടതാണ്. മസ്ജിദുകൾ ഉണ്ടാക്കുമ്പോൾ എവിടെയെല്ലാം എതിർപ്പുകളുണ്ടാകുന്നുവോ അവിടെ നമ്മിലേക്ക് ശ്രദ്ധ ഉണ്ടാകുന്നു. ഇതുവരെ ഉദ്ഘാടനം ചെയ്യപ്പെട്ട മസ്ജിദുകളുടെ റിപ്പോർട്ട് ഇതാണ് പറയുന്നത്. മുമ്പ് ബന്ധപ്പെടാത്തവർ ഇപ്പോൾ ജമാഅത്തിനെക്കുറിച്ച് അന്വേഷിക്കാൻ തുടങ്ങിയിരിക്കുന്നു. അന്വേഷിക്കുന്നവരെ പ്രയോജനപ്പെടുത്തേണ്ടതാണ്.

മൗലവി ഗുലാം റസൂൽ സാഹിബ് രാജകി رضي الله عنه വിവരിക്കുന്നു. മിയാൻ ഗുലാം മുഹമ്മദ് സാഹിബ് ഗുജറാത്ത് സ്വദേശിയായിരുന്നു. ഞാൻ മുഖേനയാണ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ അദ്ദേഹം അഹ്മദി ആയത്. അദ്ദേഹത്തിന്റെ കുടുംബത്തിലെ ആളുകളും മുഅ്സഅ ജില്ലയിലെ ഇമാം മസ്ജിദ് മൗലവി ഗൗസ് മുഹമ്മദ് സാഹിബ് അഹ്ലെ ഹദീസും എന്റെ തബ്ലീഗ് മുഖേനയാണ് അഹ്മദി ആയത്. മൗലവിമാരിലും സദ്പ്രകൃതക്കാരുണ്ട്. അവർ ദീനിനെ മനസ്സിലാക്കുന്നു. ഇന്നും ഇങ്ങനെയുള്ള ചിലരുണ്ട്. പാക്കിസ്ഥാനിലും മറ്റു നാടുകളിലുമുണ്ട്. മതകാര്യത്തിൽ തീവ്രരാണെങ്കിലും ഹ. മസീഹ് മൗഊദ് عليه السلام നെക്കുറിച്ച് തെറ്റായ പ്രചാരണം കേട്ടിട്ടുണ്ടെങ്കിലും സത്യാവസ്ഥ അറിയുമ്പോൾ കാര്യങ്ങൽ വായിച്ച് മനസ്സിലാക്കുമ്പോൾ ബൈഅത്തിൽ പ്രവേശിക്കുന്നു.

ഹദ്റത്ത് മിയാൻ മുഹമ്മദ് അബ്ദുല്ലാഹ് സാഹിബ് വിവരിക്കുന്നു. ഞങ്ങളുടെ കുടുംബത്തിൽ ആദ്യം ഹാജി ഫള്ലുള്ളാഹ് സാഹിബ് 1892 ൽ ഖാദിയാനിൽ പോയി ബൈഅത്ത് ചെയ്തു. ഹാജി സാഹിബ് എന്റെ പിതൃസഹോദരപുത്രനാണ്. അദ്ദേഹം എന്റെ പിതാവിനേയും മറ്റു സഹോദരന്മാരേയും 1903 വരെ തബ്ലീഗ് ചെയ്തു. എന്റെ പിതാവ് ഒരിക്കൽ സ്വപ്നം കണ്ടു. ഖാദിയാനിൽ നിന്ന് പൂർണ്ണ ചന്ദ്രൻ പൂർണ്ണമായ പ്രകാശം നൽകിക്കൊണ്ടിരിക്കുന്നു. എന്റെ പിതാവ് ഈ സ്വപ്നത്തെ മസീഹ് മൗഊദ് عليه السلام ന്റെ സത്യസാക്ഷ്യമായി കണക്കാക്കി. ആ ദിവസംതന്നെ ഞങ്ങളെല്ലാവരും കത്തിലൂടെ ബൈഅത്ത് ചെയ്തു.

ഹദ്റത്ത് മൗലവി മുഹമ്മദ് അബ്ദുല്ലാ സാഹിബ് വിവരിക്കുന്നു. ബൈഅത്തിന് മുമ്പും ഞാൻ തബ്ലീഗ് ചെയ്തിരുന്നു. ബൈഅത്തിന് ശേഷം ഞാൻ വളരെ കൂടുതലായി തബ്ലീഗ് ചെയ്തു. നൂറുകണക്കിന് ആളുകൾ ഞാൻ മുഖേന അഹ്മദിയ്യത്തിൽ പ്രവേശിച്ചിട്ടുണ്ട്. സംഭവങ്ങൾ ഇനിയും കുറേയാണ് ഭാവിയിൽ കേൾപ്പിക്കുന്നതാണ്. അല്ലാഹുതആല ഈ സഹാബാക്കളുടെ പദവികൾ ഉയർത്തട്ടെ. ഇവർമുഖേന പലർക്കും കാലഘട്ടത്തിന്റെ ഇമാമിന്റെ സന്ദേശം എത്തുകയുണ്ടായി. അവർ തുടർന്ന് തബ്ലീഗ് ചെയ്ത് ഈ സന്ദേശത്തെ എത്തിച്ചുക്കൊണ്ടിരുന്നു. ഈ പ്രവർത്തനം തുടർന്നുകൊണ്ടിരിക്കുന്നു. അവരുടെ നന്മകളുടേയും തഖ്വയുടേയും ഫലമാണ് അവരുടെ മക്കൾ ഇന്ന് തിന്നുകൊണ്ടിരിക്കുന്നത്. അതുകൊണ്ട് നിങ്ങളുടെ പൂർവ്വികർക്കായും പ്രാർഥിക്കുക. ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ന്റെ കാലത്തുള്ള സഹാബാക്കളിൽ നിന്നാണ് ഇവർക്ക് ഈ സന്ദേശം എത്തിയത്. അവരോട് വളരെയധികം നന്ദിയുള്ളവരായി നാം മാറേണ്ടതാണ്. അവരോടുള്ള നന്ദി പ്രകടനം എന്നാൽ അവർക്കുവേണ്ടി ദുആ ചെയ്യുന്നതോടൊപ്പം ജമാഅത്തുമായി നമ്മുടെ ബന്ധം ശക്തിപ്പെടുത്തുകയും ഈ സന്ദേശത്തെ മുന്നോട്ട് എത്തിച്ചുകൊണ്ടിരിക്കുകയും ചെയ്യുക. അല്ലാഹു നമുക്കെല്ലാവർക്കും അതിനുള്ള തൗഫീഖ് നൽകുമാറാകട്ടെ.

ഇന്നും ദുഃഖകരമായ വാർത്തയുണ്ട്. നവാസശാഇൽ നമ്മുടെ ഒരു സഹോദരനെ ശഹീദാക്കി.
ഇദ്രീസ് സാഹിബിന്റെ മകൻ മഖ്സൂദ് സാഹിബ് ആണ് ശഹീദായത്. ഖാണ്ടയിലാണ് ആദ്യം താമസിച്ചിരുന്നത്. പത്തിരുപത് വർഷമായി റബ്വയിലാണ് താമസിക്കുന്നത്. മഖ്സൂദ് സാഹിബിന്റെ കുടുംബം ഖാദിയാന്റെ അടുത്തുള്ള ഗ്രാമമായ ഭട്ടിയാം ഭേദായായിരുന്നു. അഹ്മദിയ്യത്ത് ആ കുടുംബത്തിൽ വന്നത് അദ്ദേഹത്തിന്റെ ഉപ്പാപ്പ മൗലവി അബ്ദുൽ ഹഖ് നൂർ സാഹിബ് ബൈഅത്ത് ചെയ്തതിലൂടെയാണ്. 1934 ലാണ് ബൈഅത്ത് ചെയ്തത്. അദ്ദേഹത്തിന്റെ ഉപ്പാപ്പക്ക് കൃഷിപ്പണിയിൽ നല്ല പാടവമുണ്ടായിരുന്നു. ഇതുകാരണം ഖലീഫത്തുൽ മസീഹ് സാനി സിന്ദിലെ ഭൂമിയുടെ മേൽനോട്ടത്തിനായി അദ്ദേഹത്തിനെയാണ് നിയമിച്ചിരുന്നത്. നാസിറാബാദ്, മഹ്മൂദാബാദ്, മറ്റു സ്റ്റേറ്റിലും അദ്ദേഹത്തെ നിയമിച്ചിരുന്നു. 1942 ൽ അദ്ദേഹം അവിടെനിന്നും മാറി. 1966 ൽ അദ്ദേഹത്തിന്റെ ഉപ്പാപ്പയെയും ശഹീദാക്കുകയാണ് ഉണ്ടായത്. മഖ്സൂദ് സാഹിബിന് അപ്പോൾ 12 വയസ്സായിരുന്നു. ആ ശഹാദത്തിന്റെ സാക്ഷിയായിരുന്നു അദ്ദേഹം. ആദ്യകാല ശുഹദാക്കളെ സ്മരിച്ചപ്പോൾ 1999 ലെ ഖുത്ബയിൽ ഖലീഫ റാബിഅ് ഇദ്ദേഹത്തിന്റെ ഉപ്പാപ്പയെക്കുറിച്ചും പരാമർശിച്ചിരുന്നു. 1983 വരെ മഖ്സൂദ് സാഹിബ് കൊറോണ്ടിയിലാണ് താമസിച്ചിത്. 27 വർഷമായി പിന്നീട് റബ്വയിലാണ് താമസിച്ചത്. ഹോമിയോപതിയുടെ ഒരു കമ്പനിയിൽ പ്രവർത്തിച്ചുവരികയായിരുന്നു.

കമ്പനി സെയിൽസ്മാനായി സിന്ദിലെ പ്രദേശത്തേക്കാണ് അദ്ദേഹത്തെ നിയമിച്ചത്. ഓരോ മാസവും അവിടെ ഓർഡർ വാങ്ങാൻ പോയിരുന്നു. കഴിഞ്ഞ മാസം 27 ഫെബ്രുവരി മുതൽ സിന്ദിൽ പോയതായിരുന്നു. ശഹാദത്ത് നടക്കുന്ന മാർച്ച് 7 ന് 11 മണിക്ക് സിന്ദിൽ എത്തി. നവാസ്ശാഇലെ മോനീ ബസാറിൽ വൈകുന്നേരം മൂന്നര മണിക്ക് മോട്ടോർ സൈക്കിളിൽ വന്ന ആളുകൾ അദ്ദേഹത്തെ തടയുകയും വെടിവെക്കുകയും ചെയ്തു. ഇതുമുഖേന അദ്ദേഹത്തിന്റെ ശഹാദത്ത് നടന്നു. إِنَّا لِلّٰهِ وَإِنَّا إِلَيْهِ رَاجِعُوْنَ പോലീസ് മൃതദേഹം ഹോസ്പിറ്റലിൽ കൊണ്ടുപോയി പോസ്റ്റ്മോർട്ടം നടത്തി. നവാബ്ശാഇൽ പത്ത് ദിവസത്തിനുള്ളിലെ രണ്ടാമത്തെ ശഹാദത്താണ്. അദ്ദേഹം മൂസിയായിരുന്നു. അദ്ദേഹത്തിന്റെ ഭാര്യ പറയുന്നു. അദ്ദേഹം ഹിന്ദു ഡോക്ടറുടെ കടയിൽ മരുന്ന് കൊടുക്കാൻ പോയിരുന്നു. തീവ്രവാദികൾ ആ ഹിന്ദു ഡോക്ടറേയും ഭീഷണിപ്പെടുത്തിയിരുന്നു. ഈ മിർസായി ഇനി നിന്റെ കടയിൽ വന്നാൽ നിന്നെയും മിർസായിയെയും ഞങ്ങൾ കൊല്ലുന്നതാണ്. ഭാര്യ പറയുന്നു. പരേതൻ സൽസ്വഭാവിയും കൃത്യമായി നമസ്ക്കരിക്കുന്ന ആളുമായിരുന്നു. നഫൽ നമസ്ക്കാരവും കൃത്യമായി നമസ്ക്കരിച്ചിരുന്നു. ജമാഅത്തായി നമസ്ക്കാരം അനുഷ്ഠിച്ചു. സാമ്പത്തിക ത്യാഗത്തിലും മുമ്പന്തിയിലായിരുന്നു. ഭാര്യയുടെ ചന്ദയും ഈ വർഷം സ്വയം അടച്ചു. പോകുന്നതിനുമുമ്പെ തന്റെ ചന്ദ പൂർണ്ണമായും അടച്ചുതീർത്തിരുന്നു. ദഅ്വത്തെ ഇലല്ലാഹ്‌യുടെ ശീലം തന്റെ ഉപ്പാപ്പയിൽ നിന്നും അദ്ദേഹത്തിന് അനന്തരാവകാശമായി ലഭിച്ചതായിരുന്നു. യാത്രാവേളയിൽ ജമാഅത്തിന്റെ സാഹിത്യങ്ങൾ കൂടെവെക്കാറുണ്ട്. അത് വിതരണം ചെയ്തിരുന്നു. നല്ല തബ്‌ലീഗ് പ്രവർത്തകനായിരുന്നു. തബ്‌ലീഗ് കാരണം ശത്രുതയും വർദ്ധിച്ചിരിക്കും. അദ്ദേഹം കുറച്ച് ദിവസത്തേക്കാണ് പോകാറുണ്ടായിരുന്നതെങ്കിലും അങ്ങാടിയിൽ ഒരു അഹ്മദി എന്ന നിലയിൽ അദ്ദേഹം അറിയപ്പെട്ടിരുന്നു. നല്ല ജനസമ്പർക്ക പ്രിയനും വെടിപ്പുള്ള വ്യക്തിത്വവുമായിരുന്നു. സൃഷ്ടിസേവനരംഗത്ത് മുൻനിരയിലായിരുന്നു. ആവശ്യക്കാർക്ക് ഫ്രീയായി മരുന്ന് നൽകിയിരുന്നു. ഖിലാഫത്തിനോട് പ്രത്യേകമായ ബന്ധമായിരുന്നു. വിശുദ്ധ ഖുർആനോട് പ്രത്യേകമായ ബന്ധമായിരുന്നു. ഭാര്യ പറയുന്നു, ഒരിക്കൽ ഞാൻ മഖ്സൂദ് അഹ്മദ് സാഹിബിനോട് പറഞ്ഞു. നാമും ശുഹദാക്കളുടെ ഫാമിലിയിൽ എണ്ണപ്പെടുമോ. മറുപടിയായിപ്പറഞ്ഞത്. അല്ലാഹു തെരഞ്ഞെടുത്താൽ തീർച്ചയായും ഉൾപ്പെടും. ഭാര്യയും മൂന്ന് ആൺകുട്ടികളും രണ്ട് പെൺകുട്ടികളുമാണ് അദ്ദേഹത്തിനുള്ളത്. ഇവിടെ മോൻചിസ്റ്ററിലാണ് മകൻ അവിവാഹിതനാണ്. ഒരുമകളെ അമേരിക്കയിലേക്ക് വിവാഹം ചെയ്തിട്ടുണ്ട്. ഒരു കുട്ടി നമ്മുടെ സ്കൂളിലെ ടീച്ചറാണ്. അല്ലാഹു മർഹൂമിന്റെ പദവികൾ ഉയർത്തട്ടെ. എല്ലാ കുടുംബാംഗങ്ങൾക്കും ക്ഷമ നൽകുമാറാകട്ടെ. ശത്രുക്കളെ വേഗം പിടിക്കുമാറാകട്ടെ.

ജുമുഅക്ക് ശേഷം അനുഷ്ഠിക്കുന്ന മറ്റൊരു ജനാസ ഹാജറ ബീഗം സാഹിബയുടേതാണ്. മിസ്തരി മുഹമ്മദ് ഹുസൈൻ സാഹിബ് ദർവേശ് മർഹും ഖാദിയാന്റെ ഭാര്യയാണിവർ. മാർച്ച് 4,5 ന്റെ മധ്യരാത്രിയിലാണ് ഇവർ വഫാത്തായത്. 79–ാം വയസ്സിലാണ് വഫാത്തായത് إِنَّا لِلّٰهِ وَإِنَّا إِلَيْهِ رَاجِعُوْنَ മുൻശി അബ്ദുറ്റഹീം സാഹിബ് ഫാനി അംറോഹയുടെ മകളായിരുന്നു. ഖാദിയാനിൽ താമസിക്കാനായി ഹിജ്റത്ത് ചെയ്ത് വന്നതാണ്. 1950 ലാണ് ഖാദിയാനിൽ വന്നത്. മർഹൂമയുടെ വിവാഹം 1951 ൽ നടന്നു. തന്റെ ഭർത്താവിന്റെ കൂടെ ദർവേശ് കാലഘട്ടം വളരം ക്ഷമയോടും കൃതജ്ഞതയോടും കഴിച്ചുകൂട്ടി. അഞ്ച് ആൺകുട്ടികളും അഞ്ച് പെൺകുട്ടികളും ഇവർക്കുണ്ടായിട്ടും അവരെയെല്ലാം വളരെ നല്ല രീതിയിൽ പരിപാലിക്കുകയുണ്ടായി. എല്ലാം കുട്ടികളും വിവാഹിതരും മക്കളുള്ളവരുമാണ്. മൂസി ആയിരുന്നു. ബഹിശ്തിമഖ്ബറ ഖാദിയാനിൽ മറവു ചെയ്തു. അല്ലാഹു തആല മർഹൂമയോട് മഗ്ഫിറത്ത് നൽകട്ടെ. പദവികൾ ഉയർത്തട്ടെ. തന്റെ പ്രീത സ്വർഗത്തിൽ ഉന്നത സ്ഥാനം നൽകുമാറാകട്ടെ. ബന്ധുമിത്രാതികൾക്ക് ക്ഷമ പ്രദാനം ചെയ്യട്ടെ.

## PRINTED BOOKS

**To**

**From**
**Ahmadiyya Mission House**
**K.N.Road Karapparamba**
**Calicut -10**

**KHUTBA: HADRAT MIRZA MASROOR AHMED KHALIFATUL MASIH V (atba)**
on **2012 March 09** at: Baitul Futuh Mosque London U.K.
Translation: M Nasir Ahmed Kodiyathoor (Mob: 09497343704)
**Published By: Majlis Khuddamul Ahmadiyya North Kerala.**